**Malayala Manorama**

**18 August 2018**

**Kochi, Flood, Industrial Sector Paralyzed**

# ഉൽപാദനവും കയറ്റുമതിയും മുടങ്ങി

കൊച്ചി ● പ്രളയത്തിൽ കൊച്ചി വ്യവസായ മേഖല സ്തംഭിച്ചു. തൊഴിലാളികൾക്കും ജീവനക്കാർക്കും വ്യവസായശാലകളിൽ എത്താൻ കഴിയാത്തതിനാൽ ഉൽപാദനം 70% വരെ കുറഞ്ഞിട്ടുണ്ട്. ഉൽപന്നങ്ങൾ വിപണികളിലേക്ക് അയയ്ക്കാനും കയറ്റുമതി ചെയ്യാനുമാവുന്നില്ല.

ആലുവ-ഏലൂർ ഭാഗത്തു പെരിയാറിന്റെ ഇരുകരകളിലുമായി ഏകദേശം 450 വ്യവസായങ്ങൾക്ക് പ്രളയം നാശം വിതച്ചു. ചെറുകിട വ്യവസായശാലകളിൽ വെള്ളം കയറി യന്ത്രസാമഗ്രികൾക്കു കേടുപാടുണ്ടായി. വ്യവസായ മേഖലയിലേക്കുള്ള വഴികളിലും വെള്ളം പൊങ്ങിയതിനാൽ ആർക്കും അങ്ങോട്ട് എത്താനാവാത്ത സ്ഥിതിയാണ്.

ആലുവയിൽ മാത്രമല്ല, കൊച്ചി കാക്കനാട്ടെ കയറ്റുമതി സംസ്കരണ മേഖലയിലും ഉൽപാദനം മുടങ്ങി.

കണ്ടെയ്നർ റോഡ് വെള്ളം കയറിയതിനാൽ അടച്ചു.

കയറ്റുമതി ചെയ്യാനുള്ള ഉൽപന്നങ്ങൾ കണ്ടെയ്നറിൽ പാക്ക് ചെയ്ത ശേഷമാണ് റോഡ് അടച്ച വിവരം ലഭിക്കുന്നത്. കസ്റ്റംസ് പരിശോധനയും അനുമതിയും ലഭിച്ച ശേഷം കണ്ടെയ്നറിൽ ദിവസങ്ങളോളം ഉൽപന്നങ്ങൾ കിടക്കുന്നതു വാടക ഇനത്തിലും നഷ്ടമുണ്ടാക്കും. ഒട്ടേറെ കപ്പൽ സർവീസുകളും റദ്ദാക്കുന്നു.